ശ്രീ. സി. കേശവൻ: കേസ്സ് ഏതു സെക്ഷൻപ്രകാരമാണെന്നുള്ളതു് ഇതിൽ കാണുന്നില്ല. അനേഷിച്ചു പറയാം.

Sri. D. Gnanasigamoni: May I know the date of this incident?

Sri. C. Kesavan: The complaint was received on the 19th May 1951.

ശ്രീ. കെ. എ. മാത്യു: ഈ കംപ്ലെയിൻറ ആ മെംബറിൽനിന്നാണോ കിട്ടിയതു്?

ശ്രീ. സി. കേശവൻ: അതെ.

കാറിൽ കയ്യേറ്റം

*൨൯൯. (൯൭)‡ ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ഒരു മുൻമന്ത്രിയായിരുന്ന മി. എൻ. കുഞ്ഞിരാമന്റെ കാറിൽ കയ്യേറ്റം നടത്തിയതു സംബന്ധിച്ചുള്ള നടപടികൾ എങ്ങനെയിരിക്കുന്നു;

(ബി) അതിലെ പ്രതികളെ പിടികിട്ടിയിട്ടുണ്ടോ; പ്രതികൾ ആരാണെന്നറിഞ്ഞിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഈ സംഭവം കോട്ടയം സ്റ്റേഷനിലെ ൧൪൭/൨൯൰ാം നമ്പരായി റജിസ്റ്റർ ചെയ്തിട്ടുള്ളതും, വക്കല സ്റ്റേഷനിലെ ൨൩/൪൦-ാംനമ്പറായി റജിസ്റ്റർ ചെയ്തിട്ടുള്ളതും ആയ കേസ്സുകളെ ഒന്നിച്ചാക്കിയിട്ടുള്ളതാണു്. കോട്ടയം സ്റ്റേഷനിലെ ൧൪൭/൨൯൰-ാം നമ്പർ കേസ്സ് പിൻവലിക്കുന്നതിനു് അനുവാദം നൽകി. എന്നാൽ വക്കല സ്റ്റേഷനിലെ ൨൩/൪൦-ാം നമ്പർ കേസ്സ് ഇപ്പോൾ നടപടിയിൽ ഇരിക്കുകയാണു്.

(ബി) ൧൪൭/൨൯൰ാം നമ്പർ കേസ്സിൽ ആകെ അഞ്ചു പ്രതികൾ മാത്രമേയുള്ളൂ. അവർ കോടതി മുമ്പാകെ ഹാജരായി ജാമ്യം വാങ്ങിയിട്ടുണ്ടായിരുന്നു. എന്നാൽ ൨൩/൪൦-ാംനമ്പർ കേസ്സിൽ ആകെ ൨൦ പ്രതികൾ ഉള്ളതിൽ ൧൫ പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടു്. ബാക്കി ൫ പേർ ഒളിവിലാണു്. അവരുടെ പേരും മറ്റു വിവരങ്ങളും അറിയാവുന്നതാണു്.

തിരുവിതാംകൂർ–കൊച്ചി എ. സ്റ്റോറുകളോടൊപ്പം പരിഗണിക്കുന്നതിനു നിവേദനം

*൨൫൦. (൯൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) വിദ്യാഭ്യാസത്തിലും പൗരബോധത്തിലും പരിഷ്കൃതജീവിതത്തിലും വളരെ പുരോഗമിച്ചിട്ടുള്ള തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിനെ എ. സ്റ്റേറ്റുകളോടൊപ്പം പരിഗണിച്ചു പെരുമാറണമെന്നു തിരുവിതാംകൂർ–കൊച്ചി ഗവൺമെൻറ് കേന്ദ്രഗവൺമെൻറിനെ അടുക്കൽ വല്ല നിവേദനവും നടത്തിയിട്ടുണ്ടോ;

(ബി) തിരുവിതാംകൂർ–കൊച്ചിയെപ്പോലുള്ള സ്റ്റേറ്റുകളെ എ. സ്റ്റേറ്റുകളോടൊപ്പം പരിഗണിച്ചു് പെരുമാറുന്നതാണെന്നു് ബഹുമാനപ്പെട്ട സർദാർ പട്ടേൽ വല്ല ഉറപ്പും നൽകിയിട്ടുണ്ടായിരുന്നോ;

‡*Put by Sri. R. K. Ram, with the permission of the Chair.*

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിന്റെ അഭിവൃദ്ധിക്ക് ഹാനികരങ്ങളും അപമാനകരങ്ങളുമായ പല ആഭ്യന്തര നിയന്ത്രണങ്ങളും ചെലുത്തുന്നതിൽ കേന്ദ്രഗവണ്മെൻറ് മടിക്കുന്നില്ലെന്നുള്ളതു് ശരിയാണോ;

(ഡി) അതിനെ തടയുന്നതിനു് ഗവണ്മെൻറ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

Chief Minister (Sri. C. Kesavan): I am sorry the answer is not ready.

ഷിഫ്റ്റ് സിസ്റ്റം

*൨൪൫. (൯൯) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈമറി സ്കൂളുകളിലെ ഷിഫ്റ്റ് നിറുത്തൽ ചെയ്യുന്നതിനു് ഗവണ്മെൻറ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അടുത്ത സ്കൂൾവർഷത്തിൽ നടപ്പിൽ വരുത്തുമോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ യും, ബി യും) ഉണ്ടു്. പ്രൈമറി സ്കൂളുകളിൽ ൫൦ സ്കൂളുകളിൽ വർഷാരംഭം മുതൽ ഷിഫ്റ്റ് സിസ്റ്റം നിറുത്തിക്കഴിഞ്ഞിട്ടുണ്ടു്.

കൊല്ലം–എറണാകുളം റയിൽവെ

*൨൪൬. (൯൪) ശ്രീ. ആർ. അച്യുതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) കൊല്ലം–എറണാകുളം റയിൽവെ നീട്ടുന്നതിനുള്ള സർവ്വെയുടെ ജോലി പൂർത്തിയായിട്ടുണ്ടോ;

(ബി) പൂർത്തിയായെങ്കിൽ അവ എന്നുമുതൽ വേല ആരംഭിക്കും;

(സി) ഈ വകക്കുള്ള ചിലവു് ഏതു ഗവണ്മെൻറാണു് നടത്തേണ്ടതു്?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേന്ദ്രഗവണ്മെൻറ്.

ശ്രീ. കെ. എ. മാത്യു: സർവ്വെ എത്രവരെ ആയി?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർവ്വെ നടക്കുന്നതേയുള്ളു.

ശ്രീ. ഇ. പി. പൗലോസ്: കൂടിനെ സംബന്ധിച്ചു് ഈ ഗവണ്മെൻറ് എന്തെങ്കിലും ശുപാർശ കേന്ദ്രഗവണ്മെൻറിനു് നൽകിയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: നോട്ടീസുവേണം.

ശ്രീ. കെ. എ. മാത്യു: സർവ്വെ പൂർത്തിയായിക്കഴിഞ്ഞാൽ ഈ പണി വേഗം നടത്തുന്നതിനു് ഈ ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിന്റെ അടുത്തു് നിവേദനം നടത്തിയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഉണ്ടു്.

ക്ഷാമബത്ത

*൨൪൭. (൯൬) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പബ്ലിക്കു് സർവ്വീസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly